**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 476** **11-06-2024 - ൽ മറുപടിയ്ക്ക്**

**നാറാത്ത്-പാപ്പിനിശ്ശേരി കല്ലൂർകടവ് പാല നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് മുഖേന നിർമ്മിക്കുന്ന നാറാത്ത്-പാപ്പിനിശ്ശേരി ബന്ധിപ്പിക്കുന്ന കല്ലൂർകടവ് പാല നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | കിഫ്ബി വഴി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പാപ്പിനിശ്ശേരി - കല്ലൂരിക്കടവ് പാലത്തിന് 34.9 കോടി രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കി PWD ഡിസൈൻ വിഭാഗം DPR തയ്യാറാക്കിയിരുന്നു. തുടർന്ന് പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ നീളം വർദ്ധിപ്പിക്കുകയും, സർവ്വേ പൂർത്തീകരിച്ച് കരട് തയ്യാറാക്കുകയും ചെയ്തിരുന്നു. ഇതിൽ, ബഹു. എം.എൽ.എ നിർദ്ദേശിച്ച മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയ DPR നിർവ്വഹണ ഏജൻസിയായ KRFB, കിഫ്ബിക്ക് ഇ-മെയിൽ മുഖേന സമർപ്പിച്ചിരുന്നു. ഇതേത്തുടർന്ന് എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ കിഫ്ബി ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിച്ച് നിർവ്വഹണ ഏജൻസിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള റിവൈസ്ഡ് DPR സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് KRFB അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡ്രോയിംഗ് പൂർത്തിയായിട്ടുണ്ടോ; | (ബി) | ഉണ്ട്. DPR ൽ അലൈൻമെന്റ് ഡ്രോയിങ് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | നിർവ്വഹണ ഏജൻസി റിവൈസ്ഡ് DPR കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി കിഫ്ബി ജനറൽ ബോഡി / എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭിച്ചതിനു ശേഷം സാങ്കേതികാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ച് പ്രവർത്തിയുടെ ടെൻഡർ നടപടികളിലേക്ക് കടക്കുവാൻ സാധിക്കുന്നതാണെന്ന് നിർവഹണ ഏജൻസിയായ KRFB റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ